(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് പ്രധാനമായും പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ കേസും തിരുവാണിയൂർ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് എന്നിവയുടെ കേസും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂഗർഭ ജലവകുപ്പ് ഇത്തരം കേസുകളിൽ തക്കസമയത്ത് ഇടപെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി "ഭൂജല ആക്ട്" 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്. ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖര പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ജലചൂഷണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19-1-2003-ലെ ഡബ്ല്യു. എ/2125/2003 നമ്പർ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതുനിമിത്തം മൽസ്യ സമ്പത്തിന് ഉണ്ടായിട്ടുള്ള ഭീഷണി

*9 [189] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
" കെ. എ. ചന്ദ്രൻ:
" വർക്കല കഹാർ:
" ഇ. എം. അഗസ്തി:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതു നിമിത്തം മൽസ്യസമ്പത്തിന് ഏതെങ്കിലും വിധത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫലമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടെയെല്ലാം മെർക്കുറിയുടെ അവശിഷ്ടം തള്ളുന്നു എന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല. കേന്ദ്ര സമുദ്ര വികസന വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ബി) കോസ്റ്റൽ ഓഷ്യൻ മോണിട്ടറിംഗ് ആന്റ് പ്രഡിക്ഷൻ സിസ്റ്റം (സമുദ്ര തീര നിരീക്ഷണ നിയന്ത്രണ പ്രവചന സംവിധാനം) എന്ന പദ്ധതി പ്രകാരം കേരളത്തിന്റെ തീരക്കടലിൽ കേന്ദ്ര സമുദ്ര വികസന വകുപ്പ് കഴിഞ്ഞ കുറേ വർഷങ്ങളായി സമുദ്ര ജല നിലവാര ഗുണ നിർണയം നടത്തിവരുന്നു. ഈ പഠനപ്രകാരം കേരള തീരത്ത്

LIBRARY ARCHIVES Kerala Legislative Assembly

അനുവദനീയമായ പരിധിക്ക് വളരെ താഴെയാണ് മെർക്കുറിയുടെ സാന്നിദ്ധ്യം. കുടിവെള്ള ത്തിൽ അനുവദനീയമായ പരിധിയിലും താഴെയാണ് തീരക്കടലിൽ മെർക്കുറിയുടെ അളവ്.

(സി) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടേയും മെർക്കുറിയുടെ അവശിഷ്ടം ബോധപൂർവ്വം തള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് അനുയോജ്യമായ പദ്ധതി

10 [190] ശ്രീ. ടി. കെ. ബാലൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ പിരപ്പൻകോട് മുരളി:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) വരൾച്ച ബാധിത പ്രദേശങ്ങളായി പരിഗണിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെ യാണ്; വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(സി) അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജലസംഭരണികളേയും തടാകങ്ങളേയും അപകടനിലയിൽനിന്ന് സംരക്ഷി ക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) ശുദ്ധജലവിതരണം ബഹുരാഷ്ട്ര കുത്തക കമ്പനികളെ ഏൽപ്പിക്കാതെ കേര ളത്തിന് അനുയോജ്യമായ പദ്ധതികളിൽ ശ്രദ്ധിക്കാൻ തയ്യാറാവുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) കണ്ണൂർ, കാസർഗോഡ്, കോട്ടയം, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളെ പൂർണ്ണമായി വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രത്യേക കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

(സി) അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വ്വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതിക മായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചും വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും സ്രോതസ്സുകൾ പുനരുദ്ധരിച്ചും വിപുലീകരിച്ചും

LIBRARY ARCHIVES Kerala Legislative Assembly